**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **12-09-2023 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം മൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭങ്ങളും മൂലം കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതവും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | **എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം മഴക്കെടുതിയും മറ്റ് പ്രകൃതിക്ഷോഭങ്ങളും മൂലം 2021 ജൂൺ മാസം മുതൽ 2023 ഓഗസ്റ്റ് മാസം വരെ ആകെ 15385.2022 ഹെക്ടർ സ്ഥലത്ത് കൃഷിനാശം ഉണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കർഷകരെ സഹായിക്കുവാനും കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുവാനുമായി സ്വീകരിച്ച നടപടികളുടെ വിശദാംശവും അതിനായി കേന്ദ്ര സഹായം ലഭ്യമായോ എന്നത് സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ? | (ബി) | പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്ന കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും നൽകുന്നുണ്ട്.<br><br>വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി |

| | | | |
|---|---|---|---|
| | | | എന്നിവയിൽ ഇൻഷ്വർ ചെയ്ത കർഷകർക്ക് വിള നഷ്ടത്തിനും, കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസങ്ങൾക്കും വിജ്ഞാപനം ചെയ്ത ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതിനായി പ്രീമിയം തുകയിൽ കർഷകൻ അടയ്ക്കുന്ന തുകയുടെ മിച്ചമുള്ള തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ